# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2343 — 09.03.2018-ൽ മറുപടിയ്ക്ക്.

## മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.കെ.സി.ജോസഫ്<br>ശ്രീ.കെ.മുരളീധരൻ<br>ശ്രീ.വി.എസ്.ശിവകുമാർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന കാര്യങ്ങളെന്തൊക്കെയാണ്; ക്ഷീരകർഷകർക്ക് ഈ പദ്ധതിയിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) MSDP പദ്ധതി പ്രകാരം ഗോദാനം 1 പശു യൂണിറ്റ്, 2 പശു യൂണിറ്റ്, 5 പശു യൂണിറ്റ്, 10 പശു യൂണിറ്റ്, 5 ഹീഫർ യൂണിറ്റ്, 10 ഹീഫർ യൂണിറ്റ് എന്നീ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു. കൂടാതെ കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും, കറവയന്ത്രം വാങ്ങുന്നതിനും, ആവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു. |
| (ബി) കാലിത്തീറ്റയുടെ വിലവർദ്ധനവും വൈക്കോലിന്റെ ദൗർലഭ്യവും ക്ഷീരകർഷകരെ ബുദ്ധിമുട്ടിലാക്കുന്ന സാഹചര്യത്തിൽ അവരെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) സംസ്ഥാനത്തെ കാലിത്തീറ്റയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും ഗുണമേന്മയുള്ള കാലിത്തീറ്റയുടെ ഉല്പാദനവും ലക്ഷ്യമാക്കി കേരള സർക്കാർ ഉടമസ്ഥതയിൽ കേരള ഫീഡ്സ് എന്ന സ്ഥാപനവും സഹകരണ മേഖലയിലുള്ള കാലിത്തീറ്റ ഫാക്ടറികളും പ്രവർത്തിച്ചുവരുന്നു. കൂടാതെ സ്വകാര്യ മേഖലയിലും നിരവധി കാലിത്തീറ്റ ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്. മാർക്കറ്റിൽ ലഭ്യമായ കാലിത്തീറ്റകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരം പട്ടത്ത് NABL അക്രഡിറ്റേഷനോടുകൂടിയ ഒരു ലാബ് പ്രവർത്തിക്കുന്നുണ്ട്. ഈ ലാബിൽ കാലിത്തീറ്റ ഗുണമേന്മയുമായി ബന്ധപ്പെട്ട എല്ലാ മാനദണ്ഡ പ്രകാരമുള്ള പരിശോധനയ്ക്കുള്ള സംവിധാനം നിലവിലുണ്ട്.<br>2017-18 വർഷം 155 ലക്ഷം രൂപ സർക്കാർ ധനസഹായത്തോടുകൂടി ക്ഷീര സംഘങ്ങളിലൂടെ പച്ചപ്പുൽ, വൈക്കോൽ എന്നിവ |

| | |
|---|---|
| | ക്ഷീരകർഷകർക്ക് വിതരണം ചെയ്യുകയുണ്ടായി. വരൾച്ചാ കാലയളവിൽ ഇത് കർഷകർക്ക് വളരെ ആശ്വാസകരമായിരുന്നു.<br>കാലിത്തീറ്റ സബ്സിഡി ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സംവിധാനത്തിലൂടെ 2016-17, 2017-18 വർഷം കർഷകരുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തു. 2016-17 വർഷം 12.5 കോടി രൂപയും 2017-18 വർഷം 13 കോടി രൂപയും കാലിത്തീറ്റ സബ്സിഡിയായി വിതരണം ചെയ്തു. 2018-19 വർഷം ഈ ഇനത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) ഡയറി ബോർഡ് രൂപീകരിച്ചതിലൂടെ ഈ മേഖലയിൽ കൈവരിച്ച നേട്ടങ്ങൾ വിശദമാക്കുമോ; | (സി) ഡെയറി ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ചിട്ടില്ല. |
| (ഡി) 2018 ഡിസംബറോടു കൂടി സംസ്ഥാനത്തെ പാലുല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്? | (ഡി) സംസ്ഥാനത്ത് ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിന് ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പാൽ-ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, അവശ്യാധിഷ്ഠിത ധനസഹായം എന്നീ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്.<br>മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ പാൽ ഉല്പാദനത്തിലെ സ്വയം പര്യാപ്തത ലക്ഷ്യമാക്കി സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കാലിത്തീറ്റ സബ്സിഡി. കന്നുകാലികളെ വാങ്ങുന്നതിന് റിവോൾവിംഗ് ഫണ്ട്, കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ, ഡയറി ഫാമുകളുടെ ആധുനികവൽക്കരണം എന്നിവയാണ് അവയിൽ പ്രധാനപ്പെട്ടവ. |

**സെക്ഷൻ ഓഫീസർ**